പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2506 — 14.12.2015 -ൽ മറുപടിക്ക്

# എയ്ഡ്സ് രോഗവ്യാപനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. ദിവാകരൻ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

(എ) എയ്ഡ്സ് രോഗികളുടെ എണ്ണം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത രോഗ വ്യാപനം തടയുന്നതിനും ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(എ) എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ സേവന കേന്ദ്രങ്ങളിലെ വിവരങ്ങൾ പ്രകാരം എയ്ഡ്സ് ബാധിതരുടെ എണ്ണം കൂടി വരുന്നതായി കാണുന്നില്ല. എയ്ഡ്സ് വ്യാപനം തടയുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുകയാണ് പ്രസ്തുത ഇതിനായി ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ?

(ബി) ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**NACO FUND STATEMENT OF EXPENDITURE**

| YEAR | EXPENDITURE (in Lakhs) |
|---|---|
| 2011-12 | 2685.94 |
| 2012-13 | 2805.64 |
| 2013-14 | 2498.78 |
| 2014-15 | 2822.19 |
| 2015-16 as on 07.12.2015 | 1327.44 |

**State Fund**
**Expenditure Statement as on 10.12.2015**

| YEAR | EXPENDITURE (in Rupees) | | |
|---|---|---|---|
| | PLAN | NON PLAN | TOTAL |
| 2011-12 | 19940371 | 0 | 19940371 |
| 2012-13 | 3013126 | 10947000 | 13960126 |
| 2013-14 | 15951852 | 20000000 | 35951852 |
| 2014-15 | 5966841 | 20000000 | 25966841 |
| 2015-16 | 1199989 | 18776724 | 19976713 |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി വിവധ തരത്തിലുള്ള ബോധ വൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

1. റേഡിയോ. ടെലിവിഷൻ എന്നീ ശ്രാവ്യ-ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവത്ക്കരണ പരിപാടികൾ
2. അച്ചടി മാധ്യമങ്ങളിലൂടെയുള്ള വിവിധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ
3. എസ്.എം.എസ് വഴിയുള്ള ബോധവത്ക്കരണ പരിപാടികൾ
4. ലഘു ലേഖകൾ, കൈപ്പുസ്തകങ്ങൾ, പോസ്റ്ററുകൾ, ഫ്ളിപ്പ് ചാർട്ടുകൾ തുടങ്ങിയവ അച്ചടിച്ച് വിതരണം ചെയ്ത് നടത്തുന്ന അവബോധ-ബോധവത്ക്കരണ പ്രവർത്തനങ്ങൾ.
5. നാടൻ കലാജാഥകൾ, പ്രദർശനങ്ങൾ വിവിധ ദിനാചരണങ്ങൾ അവയോടനുബന്ധിച്ചുള്ള പ്രത്യേക ക്യാപെയിനുകൾ തുടങ്ങിയവ.
6. പൊതുജനങ്ങളുടെ സാന്നദ്ധ്യം കൂടുതലുള്ള ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, മറ്റു പ്രധാന സ്ഥാപനങ്ങൾ തടങ്ങിയവയിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ, ചുവരെഴുത്തുകൾ, വാഹനങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യങ്ങൽ എന്നീ മാധ്യമങ്ങളിലുടെയുള്ള ബോധവൽക്കരണം.
7. '1097' എന്ന നമ്പരിലുള്ള സൗജന്യ ടെലികൗൺസിലിംഗ് , വെബ് സൈറ്റുകൾ, സിഡികൾ, ബസ് ബ്രാന്റിംഗ് തുടങ്ങിയവയിലൂടെയുള്ള ബോധവത്ക്കരണം.
8. സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹൈസ്ക്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും , വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും നടപ്പിലാക്കിവരുന്ന കൗമാര ആരോഗ്യ വിദ്യാഭ്യാസ പദ്ധതി.
9. കേരളത്തിലെ 500 കോളേജുകളിൽ സ്ഥാപിച്ചിട്ടുള്ളതും സന്നദ്ധ രക്തദാനവും എച്ച്.ഐ.വി. പ്രതിരോധ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കന്നതുമായ 'റെഡ് റിബൺ ക്ലബ്ബുകൾ'
10. വിവിധ വകുപ്പുകളുമായി ചേർന്നുകൊണ്ട് നടത്തുന്ന മുഖ്യധാരാ പ്രവർത്തനങ്ങളും പരിശീലന പരിപാടികളും.

### ഇന്റഗ്രേറ്റഡ് കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്റർ (ICTC) "ജ്യോതിസ്"

സംസ്ഥാനത്ത് 461 കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജ്യോതിസ് കേന്ദ്രങ്ങളിൽ എച്ച് .ഐ.വി പരിശോധന സൗജന്യമായി നൽകുന്നതിനുള്ള സംവിധാനമുണ്ട്. പരിശോധന സംബന്ധിച്ച വിവരങ്ങൾ തികച്ചും രഹസ്യമായിരിക്കും. എച്ച്.ഐ.വി പരിശോധന കൂടാതെ കൗൺസലിംഗും ഇവിടെ നിന്നു ലഭിക്കും. എച്ച്.ഐ.വി അണുബാധയുണ്ടെന്നു കണ്ടെത്തിയാൽ അവരെ കൂടുതൽ ചികിത്സയ്ക്കും മറ്റ് സേവനങ്ങൾക്കും വേണ്ടി എ.ആർ.ടി കേന്ദ്രങ്ങളിലേക്ക് അയയ്ക്കും.

സംസ്ഥാനത്തെ മെഡിക്കൽ കോളജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, ചില ഇ.എസ്.ഐ ആശുപത്രികൾ, ചില സ്വകാര്യ

...തികൾ, പ്രധാന ജയിലുകൾ, തിരുവനന്തപുരം റെയിൽവേ സ്റ്റേഷൻ തുടങ്ങിയ കേന്ദ്രങ്ങളിലാണ് ജ്യോതിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.

## ആന്റി റെട്രോവൈറൽ തെറാപ്പി സെന്റർ (ART) – "ഉഷസ്"

എച്ച്.ഐ.വി അണുബാധിതർക്ക് ആവശ്യമായ ആന്റി റിട്രോവൈറൽ ചികിത്സ ഉഷസ് കേന്ദ്രങ്ങളിലൂടെ സൗജന്യമായി നൽകി വരുന്നു. ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷനാണ് മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നത്. ആന്റി റിട്രോവൈറൽ ചികിത്സയ്ക്കു മുന്നോടിയായുള്ള കൗൺസലിംഗും മറ്റ് അവസരജന്യരോഗങ്ങൾക്കുള്ള ചികിത്സയും ഏ.ആർ.ടി. കേന്ദ്രങ്ങളിലൂടെ സൗജന്യമായി ലഭ്യമാക്കുന്നു. എച്ച്.ഐ.വി അണുബാധിതർക്ക് ശരിയായ ജീവിതചര്യയിലൂടെയും ആവശ്യമായ ചികിത്സയിലൂടെയും എയ്ഡ്സ് ബാധിതരാകാതെ ദീർഘകാലം സാധാരണ ജീവിതം സാധ്യമാണ്. ഈ സാഹചര്യത്തിലാണ് ഉഷസ് കേന്ദ്രങ്ങളുടെ പ്രാധാന്യമേറുന്നത്. ആന്റി റിട്രോവൈറൽ ചികിത്സയ്ക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുന്നതു കൂടാതെ ഇവർക്കാവശ്യമായ പരിശോധനകൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായി നടത്തിക്കൊടുക്കുന്നതിനും ഈയിടെ തീരുമാനമായിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും പാലക്കാട് കണ്ണൂർ, കൊല്ലം ജില്ലാ ആശുപത്രികളിലും, കാസർഗോഡ്, എറണാകുളം ജനറൽ ആശുപത്രികളിലും, ഉഷസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പത്തനംതിട്ട, മലപ്പുറത്തെ തിരൂർ, മഞ്ചേരി, വയനാട്ടിലെ മാനന്തവാടി, ഇടുക്കിയിലെ പൈനാവ്, കാഞ്ഞങ്ങാട് തുടങ്ങിയ ജില്ലാ ആശുപത്രികളിലും നെയ്യാറ്റിൻകര, കൊട്ടാരക്കര, പുനലൂർ താലൂക്ക് ആശുപത്രികളിലും, ലിങ്ക് എ.ആർ.ടി. സെന്ററുകളായി ഉഷസ് ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. 19,663 എച്ച്.ഐ.വി അണുബാധിതരാണ് നാളിതുവരെ ഉഷസ് കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇപ്പോൾ എ.ആർ.ടി ചികിത്സയിലുള്ളവർ 13,735 പേരാണ്.

## പുലരി

പുലരി കേന്ദ്രങ്ങളിലൂടെ ജനനേന്ദ്രിയ രോഗങ്ങൾക്കുള്ള ചികിത്സ സൗജന്യമായി ലഭ്യമാക്കുന്നു. സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലും, പരിയാരം, കൊച്ചി സഹകരണ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള മെഡിക്കൽ കോളേജുകളിലും പുലരി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആകെ 23 പുലരി കേന്ദ്രങ്ങളാണ് സംസ്ഥാനത്തുള്ളത്.

## സുരക്ഷ

എച്ച്.ഐ.വി അണുബാധാസാധ്യത കൂടുതലുള്ള പ്രത്യേക ലക്ഷ്യ ഗ്രൂപ്പുകൾക്കിടയിൽ പ്രവർത്തിക്കുന്ന സുരക്ഷ പദ്ധതികൾ, അണുബാധാ വ്യാപനം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ലക്ഷ്യ ഗ്രൂപ്പുകളിൽപെടുന്നവരുടെ എച്ച്.ഐ.വി അണുബാധാഭീഷണി ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങളും, പെരുമാറ്റ വ്യതിയാനം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് സുരക്ഷ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. സ്ത്രീ ലൈംഗികതൊഴിലാളികൾ, പുരുഷ സ്വവർഗാനുരാഗികൾ, മയക്കുമരുന്നു കുത്തിവയ്ക്കുന്നവർ, കുടിയേറ്റ തൊഴിലാളികൾ, ദീർഘദൂര ട്രക്ക് ഡ്രൈവർമാർ, ഭിന്നലിംഗക്കാർ തുടങ്ങിയവർക്കിടയിലൊക്കെ സുരക്ഷപദ്ധതിയുടെ പ്രവർത്തനം എത്തുന്നു. ലക്ഷ്യ ഗ്രൂപ്പുകളിൽപെടുന്നവർ അംഗങ്ങളായുള്ള

സാമൂഹ്യാധിഷ്ഠിതസംഘടനകൾ തന്നെയാണ് പല സുരക്ഷപദ്ധതികളും നടപ്പിലാക്കുന്നത്. മാന്യമായ ജീവിതത്തിനാവശ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പരിശീലനവും ഇത്തരം പദ്ധതികളിലൂടെ നൽകിവരുന്നുണ്ട്.

<u>സന്നദ്ധ **രക്തദാനം**</u>

സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്ന **പ്രവർത്തനങ്ങൾക്ക് കേരള** സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രത്യേക പരിഗണന നൽകുന്നുണ്ട്. എച്ച്.ഐ.വി പോലെയുള്ള അണുബാധകൾ രക്തത്തിലൂടെ പകരുന്നതിനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല. ഈ സാഹചര്യത്തിൽ സുരക്ഷിത രക്തം ലഭ്യമാക്കുക എന്നത് പ്രാധാന്യമുള്ള കാര്യമാണ്. ഒരു വർഷം ശരാശരി നാലുലക്ഷം യൂണിറ്റ് രക്തമാണ് നമ്മുടെ സംസ്ഥാനത്ത് ആവശ്യമായി വരുന്നത്. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന പ്രത്യേക കർമ്മപദ്ധതിയുടെ ഫലമായി സന്നദ്ധ രക്തദാനത്തിൽ വൻ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഏറെ വൈകാതെ ആവശ്യമായ രക്തമത്രയും സന്നദ്ധ രക്തദാനത്തിലൂടെ ലഭ്യമാക്കുന്ന സ്ഥിതിവിശേഷം കേരളത്തിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷ. സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും കേരള സ്റ്റേറ്റ് എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്.

<u>റെഡ് **റിബൺ ക്ലബ്ബുകൾ**</u>

കേളേജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകൾ വിദ്യാർത്ഥികൾക്കിടയിൽ സന്നദ്ധ രക്തദാനത്തോട് ആഭിമുഖ്യം വളർത്താൻ സഹായിക്കുന്നുണ്ട്. കൂടാതെ ജീവിതനൈപുണ്യം കൈവരിക്കുന്നതിനും ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനും കോളേജ് വിദ്യാർത്ഥികളെ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് റെഡ് റിബൺ ക്ലബ്ബുകൾ നടത്തിവരുന്നത്. കേരളത്തിലെ കൂടുതൽ കോളേജുകളിൽ റെഡ് റിബൺ ക്ലബ്ബുകൾ ആരംഭിക്കുവാൻ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടപടികളെടുത്തുവരികയാണ്.

P. Anju

സെക്ഷൻ ഓഫീസർ